എത്രയുണ്ടാവും? ഇതുപോലെ, മനുഷ്യർക്ക് രോഗനിവാരണത്തിനെന്ന പേരിൽ, രോഗബീജങ്ങളും മരുന്നുകളും വിഷങ്ങളും കുത്തിവെച്ച് കൊല്ലപ്പെടുന്ന മൃഗങ്ങളുടെ എണ്ണം, ഈ ശാസ്ത്രീയയുഗത്തിൽ, ആണ്ടോടാണ്ട് വർദ്ധിച്ചു വരുകയാണ്. പരീക്ഷണങ്ങൾക്കുവേണ്ടി ഇന്ത്യയിൽനിന്നു കുരങ്ങന്മാരെ വലിയതോതിൽ യൂറോപ്പിലേക്കും അമേരിക്കയിലേക്കും കയററി അയയ്ക്കുന്നത് ഇപ്പോൾ നിരോധിച്ചിട്ടുണ്ട്. എന്നാലും, കോടിക്കണക്കിനു മുയലുകളും വെള്ളെലികളും മററു പല ജീവികളും സയൻസ് ലാബറട്ടറികളിൽ ഓരോ ആണ്ടിലും പിടഞ്ഞുമരിക്കുന്നുണ്ട്. മതത്തിൻെറ പേരിൽ ജന്തുഹിംസയെ എതിർക്കുന്നവർപോലും ശാസ്ത്രത്തിൻെറ പേരിൽ നടക്കുന്ന വ്യാപകമായ ജന്തുഹിംസ കണ്ടില്ലെന്നു നടിക്കുന്നു. വെറും വിനോദത്തിനുവേണ്ടി നടത്തുന്ന കാളപ്പോരു്, കോഴിപ്പോരു്, മുതലായവയും മിക്ക രാജ്യങ്ങളിലും നിരോധിക്കപ്പെട്ടിട്ടില്ല. ചുകപ്പു കാട്ടിയും ബഹളം കൂട്ടിയും കാളയെ വിറളിപിടിപ്പിച്ച്, ഓടിച്ചു തളർത്തി, അവസാനം അനങ്ങാൻ കൂട്ടാക്കാതാവുമ്പോൾ (വയ്യാതാവുമ്പോൾ) അതിനെ വാൾ കുത്തിയിറക്കി കൊല്ലുന്ന കാളപ്പോരു് സ്പെയിൻകാരുടെ 'ഹരം' ആണ്. പോരിൽ മരിക്കുന്ന കാളയ്ക്ക്, ഏതായാലും, അതിൽ വലിയ രസമൊന്നും അനുഭവപ്പെടാൻ വഴിയില്ല.

മനുഷ്യൻ മൃഗങ്ങളോടു കാണിക്കുന്ന അകാരണ ക്രൂരതയ്ക്കെതിരെ, പരിഷ്കൃതരാജ്യങ്ങളിൽ ഉദ്ബുദ്ധമായ ഒരു ന്യൂനപക്ഷം, പ്രചാരവേലകളും പ്രായോഗികനടപടികളും കൈക്കൊണ്ടു തുടങ്ങിയിട്ടുണ്ട്. മനുഷ്യൻ അപഹരിച്ച മൃഗങ്ങളുടെ അന്തസ്സ് അവയ്ക്കു തിരിച്ചുനല്കാനുള്ള ഈ പ്രസ്ഥാനം പലേടത്തും മെല്ലെ കരുത്താർജ്ജിച്ചുവരുകയുമാണ്. ഇക്കഴിഞ്ഞ ഏതാനും മാസങ്ങളിൽ ബ്രിട്ടനിലെ മൃഗമുക്തിവാദികളിൽ ചിലർ അവിടത്തെ പല അറവുശാലകളിലും സയൻസ് ലാബറട്ടറികളിലും ചെന്ന്, പീഡയ്ക്കിരയാവുന്ന മൃഗങ്ങളെ വിമോചിപ്പിക്കുകയുണ്ടായി. ഫ്രാൻസിലെ മൃഗമുക്തിവാദികളാണ് പാരീസിൽ 'ഭാരതമഹോത്സവം' നടത്തിക്കൊണ്ടിരുന്ന കരടിക്കാരൻെറ കൈയിലെ കയറിൽ കുരുങ്ങിക്കിടന്ന കരടിയെ കട്ടുകൊണ്ടുപോയത്.

മനുഷ്യരോടു കാട്ടുന്ന ക്രൂരതയിലെന്നപോലെ മൃഗങ്ങളോടു കാട്ടുന്ന ക്രൂരതയിലും, അഹിംസയുടെ നാടായ ഇന്ത്യ മററു രാജ്യങ്ങളുടെ പുറകിലാണെന്നു പറഞ്ഞുകൂടാ. ശക്തമായ ഒരു മൃഗശക്തിപ്രസ്ഥാനം ഇന്ത്യയിലും വളർന്നുവരേണ്ടിയിരിക്കുന്നു.

15 സെപ്റ്റംബർ, 1985

# 80. ജാട്ടിൻഗ

അസം സംസ്ഥാനത്തിലെ ജാട്ടിൻഗ എന്ന ഗ്രാമം ജീവശാസ്ത്രത്തിൽ പ്രത്യേകിച്ച് പക്ഷിശാസ്ത്രത്തിൽ (ഓർണ്ണിത്തോളജി)താൽപ്പര്യമുള്ളവരെ ആകർഷിച്ചുതുടങ്ങിയിട്ട് വളരെ വർഷങ്ങളായി. ആണ്ടുതോറും മഞ്ഞുകാലത്തിൻെറ ആരംഭത്തിൽ പക്ഷികൾ രാത്രികളിൽ കൂട്ടമായി ഇവിടെവന്ന് ആത്മഹത്യ നടത്തുന്നു എന്നതാണ് ജാട്ടിൻഗ ഗ്രാമത്തിൻെറ പ്രസിദ്ധിക്ക് അല്ലെങ്കിൽ കുപ്രസിദ്ധിക്ക്, നിദാനം. ഈ വർഷത്തിൽ സെപ്റ്റംബർ 12, 13, 24, 25 എന്നീ തീയതികളിലാണ് ഏററവും അധികം പക്ഷികൾ ജാട്ടിൻഗയിലെത്തി ആത്മഹത്യചെയ്തത്. ഇരുപത്തഞ്ചാം തീയതി രാത്രി ആയിരത്തിലധികം പക്ഷികൾ ആത്മഹത്യചെയ്യാൻ

ജാട്ടിൻഗയിൽ എത്തിയെന്ന് ഒരു പി. ടി. ഐ. റിപ്പോർട്ടിൽ കാണുകയുണ്ടായി. (സ്റ്റേററ്സ്മാൻ, നവംബർ 19) ഡോക്ടർ സുധീൻ സെൻഗുപ്ത എന്നൊരു ജന്തുശാസ്ത്രജ്ഞൻ നൽകിയ വിവരങ്ങളാണ് ഈ റിപ്പോർട്ടിന് ആധാരം.

ധനു–മകരം മാസങ്ങളിൽ മാവുകൾ പൂക്കുന്നത് നമ്മെ സംബന്ധിച്ചിടത്തോളം ഒരു സാധാരണ പ്രകൃതിപ്രതിഭാസമാണല്ലോ. ഏകദേശം അതുപോലെ ഒരു സാധാരണ പ്രകൃതിപ്രതിഭാസമാണ് ജാട്ടിൻഗ ഗ്രാമക്കാരെ സംബന്ധിച്ചിടത്തോളം, മഞ്ഞുകാലാരംഭത്തിൽ അവിടെ നടക്കുന്ന പക്ഷികളുടെ ആത്മഹത്യ. ഇത് എന്നുമുതൽക്കു തുടങ്ങിയെന്ന് ഗ്രാമവാസികൾക്ക് അറിയില്ല. ചുരുങ്ങിയത് ഇക്കഴിഞ്ഞ നൂറു വർഷങ്ങളിലെങ്കിലും ഈ ആത്മഹത്യ മുടങ്ങാതെ നടന്നിട്ടുണ്ട്. വലിയ താല്പര്യത്തോടെയാണ് ജാട്ടിൻഗ ഗ്രാമക്കാർ ഈ കൂട്ടആത്മഹത്യയെ ഉററുനോക്കുന്നത്. കാരണം പല രുചിവിശേഷങ്ങളുള്ള പക്ഷിമാംസങ്ങൾ വില കൊടുക്കാതെ വയർ നിറയെ ഭക്ഷിക്കാൻ അവർക്ക് ഈ ആത്മഹത്യ ഉപയോഗപ്പെടുന്നു. ആത്മഹത്യക്കാരായ പക്ഷികൾ ഒററയ്ക്കും തെററയ്ക്കും വന്നുതുടങ്ങിയാൽ ഗ്രാമവാസികൾ വലിയ പന്തങ്ങൾ രാത്രിയിൽ വീട്ടിനുപുറത്തു കൊളുത്തിവെക്കുന്നു. പക്ഷികൾ കൂട്ടംകൂട്ടമായി ഈ പന്തങ്ങളിൽ തനിയെ പറന്നുവീണു പിടഞ്ഞുചാകുന്നു. ഗ്രാമവാസികൾ തങ്ങൾക്ക് ഇഷ്ടമുള്ള പക്ഷികളെ തിരഞ്ഞെടുത്ത് സഞ്ചികളിൽ നിറച്ച് വീടുകളിൽ കൊണ്ടുപോകുന്നു. പലതരം മാംസങ്ങൾ പൊരിയുന്ന മണം ഗ്രാമങ്ങളിലെ കുടിലുകളിൽ താമസിയാതെ പുകഞ്ഞു നിറയുന്നു. സെപ്തംബർ മാസത്തിലെ രാത്രികളിൽ ജാട്ടിൻഗ ഗ്രാമക്കാർ അങ്ങനെ ദേശീയസദ്യ ആഘോഷിക്കുന്നു.

ജാട്ടിൻഗയിൽ ചാകാൻ എത്തുന്നത് ഏതുതരം പക്ഷികളാണ്? ചുററുപാടും കാണുന്ന സാധാരണ പക്ഷികൾതന്നെ. പച്ചപ്രാവുകൾ, അമ്പലപ്രാവുകൾ, പൊന്മകൾ, നാടവാലന്മാർ, കുളക്കോഴികൾ, മഞ്ഞക്കിളികൾ––അങ്ങനെ എത്രയോ തരം പക്ഷികൾ. കനത്ത മൂടൽമഞ്ഞിലൂടെ അവ കല്ലുകൾപോലെ കത്തുന്ന പന്തങ്ങളിലേക്കു പറന്നെത്തുന്നത് എന്തുകൊണ്ടാണ്? ആ പക്ഷികളിൽ അപ്പോൾ തുടിക്കുന്ന മരണേച്ഛയുടെ രഹസ്യമെന്ത്?

'അധികം താമസിയാതെ ആ രഹസ്യം വെളിപ്പെടും' എന്നാണ് ഇന്ത്യാഗവണ്മെൻറിൻെറ ധനസഹായത്തോടെ ഈ പ്രതിഭാസത്തെപ്പററി ഏഴുവർഷങ്ങളായി പഠനം നടത്തിക്കൊണ്ടിരിക്കുന്ന ഡോക്ടർ സുധീൻ സെൻഗുപ്ത വിശ്വസിക്കുന്നത്. ഇന്ത്യാഗവണ്മെൻറിൻെറ 'സുവോളജിക്കൽ സർവേ ഓഫ് ഇന്ത്യ' എന്ന ജന്തുശാസ്ത്രപഠനവിഭാഗത്തിൽ ഒരു ഉദ്യോഗസ്ഥനാണ് ഡോക്ടർ സെൻഗുപ്ത.

പരിഃസ്ഥിതിയിൽ വരുന്ന നിഗൂഢങ്ങളായ ചില വ്യത്യാസങ്ങൾ പക്ഷികൾക്ക് താൽക്കാലികമായി ബുദ്ധിഭ്രമം വരുത്തുന്നതിനാലാണ് അവ രാത്രിയിൽ ചേക്കേറിയ മരങ്ങൾവിട്ടു പറന്നുയരുന്നതെന്ന് ഡോക്ടർ സെൻഗുപ്ത കരുതുന്നു. ഇങ്ങനെ മാററം വരുന്ന ഘടകങ്ങളിലൊന്ന് ഭൂകാന്തശക്തിയാണ്. പക്ഷികൾ ജാട്ടിൻഗ ഗ്രാമത്തിലെത്തി ആത്മഹത്യചെയ്യുന്നതിനു കുറെ മുമ്പും, അവ ആത്ഹത്യചെയ്യുന്ന സമയത്തും, പിന്നീടും, ആ പ്രദേശത്തെ ഭൂകാന്തികക്ഷേത്രങ്ങളെ, കൽക്കത്ത സർവകലാശാലയിൽ ഭൗതിക(ഫിസിക്സ് പ്രൊഫസർ) ആയ ഡോക്ടർ എ. ദേവിൻെറ സഹായത്തോടെ ഡോക്ടർ സെൻഗുപ്ത ഈ ആണ്ടിൽ സൂക്ഷ്മമായി അളന്നു രേഖപ്പെടുത്തി.

'പക്ഷികൾ ചേക്കേറിയ മരങ്ങൾ വിട്ടു പറന്നുയരുന്നതിനും, ഭൂകാന്തികക്ഷേത്രത്തിൽ വന്നുചേരുന്ന വ്യത്യാസങ്ങൾക്കും തമ്മിൽ വാസ്തവ

ത്തിലുള്ള ചില ബന്ധങ്ങൾ ഉണ്ടെന്ന് ഞങ്ങൾക്ക് ബോധ്യമായി' എന്ന് ഡോക്ടർ സെൻഗുപ്ത പറയുന്നു. ഒരിക്കൽ പറന്നുയർന്നാൽ, ഈ പക്ഷികൾ അസാധാരണമായ വെളിച്ചത്താൽ ആകർഷിക്കപ്പെട്ട് ജാട്ടിൻഗ ഗ്രാമത്തിലെ പന്തങ്ങൾക്കുനേരെ പാഞ്ഞുചെല്ലുന്നു.

ഭൂകാന്തശക്തിയും പക്ഷിമനഃശാസ്ത്രവും തമ്മിൽ ഉള്ള ബന്ധം ഇനിയും സ്ഥാപിക്കപ്പെട്ടിട്ടില്ല. ഇതു സംബന്ധിച്ച ഒരു പൂർവകൽപ്പനം (ഹൈപ്പോത്തെസിസ്) ഉന്നയിക്കുക മാത്രമേ ഡോക്ടർ സെൻഗുപ്ത ചെയ്തിട്ടുള്ളു.

പക്ഷിമനശ്ശാസ്ത്രത്തോടു ബന്ധമുണ്ടാവാമെങ്കിൽ, ഭൂകാന്തശക്തിക്ക് മനുഷ്യമനശ്ശാസ്ത്രത്തോടും ബന്ധമുണ്ടായിരിക്കണമല്ലോ. ഭൂമധ്യരേഖ കേരളത്തിൽനിന്ന് വളരെയധികം തെക്കോട്ടു നീങ്ങി കടലിലൂടെയാണ് പോകുന്നതെങ്കിലും ഭൂകാന്തമധ്യരേഖ കേരളത്തിലൂടെയാണു കടന്നുപോകുന്നതു്. കേരളീയരുടെ മാനസികസവിശേഷതകൾ ജാട്ടിൻഗയിലെ പക്ഷികളുടെ മാനസികവിഭ്രാന്തികളുമായി വല്ല സാധർമ്യവും പ്രദർശിപ്പിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ ഭൂകാന്തമധ്യരേഖയോടു നമുക്കുള്ള അടുപ്പം അതിനു കാരണമാണോ?

ഇതിനെപ്പററി പഠിക്കാൻ ഒരു ഗ്രാൻറ് ഇന്ത്യാഗവണ്മെൻറിനോട് ഏതെങ്കിലും ശാസ്ത്രജ്ഞന് ചോദിക്കാവുന്നതേയുള്ളു.

5 ജനുവരി, 1986

# 81. ശിലായുഗമനുഷ്യൻ

ജർമ്മനിയിലെ പ്രധാന നദിയാണ് റൈൻ. റൈനിൻെറ ഒരു പോഷകനദിയത്രേ ഡ്യൂസ്സെൽ. ഡ്യൂസ്സെൽ നദിയുടെ തീരത്തുള്ള ഒരു നഗരമാകുന്നു ഡ്യൂസ്സെൽ ഡോർഫ്. ഈ നഗരത്തിൽനിന്ന് ഏഴുമൈൽ കിഴക്ക് രണ്ടു കുന്നുകൾക്കിടയിലുള്ള ഇടുങ്ങിയ ഒരു താഴ്‌വരയെ 'നിയാൻഡർ താൽ' എന്നു വിളിക്കുന്നു. 'താൽ' എന്ന വാക്കിന് താഴ്‌വര എന്നാണർത്ഥം. ഒരു നൂററാണ്ടു മുമ്പുവരെ ഈ താഴ്‌വര കാടുപിടിച്ചു കിടക്കുകയായിരുന്നു. ഈർപ്പം മുററിയ ഗുഹകളും വെള്ളച്ചാട്ടങ്ങളും പാറക്കൂട്ടങ്ങളും ഈ താഴ്‌വരയിൽ ധാരാളമുണ്ടായിരുന്നു.

1850-ാമാണ്ടിനടുത്തു് ഈ താഴ്‌വരയിൽനിന്ന് പാറ പൊളിച്ച് എടുക്കാൻ തുടങ്ങി. 1856 സെപ്തംബറിൽ, പാറ പൊളിച്ചെടുക്കുന്ന ചില പണിക്കാർ, നൂററാണ്ടുകളായി ചളിനിറഞ്ഞു കിടന്ന ഒരു ഗുഹ കണ്ടെത്തി. ഗുഹയിൽനിന്ന് ചളി നീക്കുന്നതിനിടയ്ക്ക് ഇവർക്ക് ഒരു മനുഷ്യൻെറ പൊട്ടിപ്പൊളിഞ്ഞ തലയോടും ഏതാനും അസ്ഥിക്കഷണങ്ങളും കിട്ടി. സാധാരണഗതിയിൽ ഈ അസ്ഥിഖണ്ഡങ്ങൾ ശ്രദ്ധിക്കപ്പെടുമായിരുന്നില്ല. എന്നാൽ, ഡോക്ടർ യോഹൻകാൾ ഫ്യൂംറോത് എന്ന ശാസ്ത്രജ്ഞൻ ഇവ കാണാനിടയായി. ഒരു പ്രകൃതിശാസ്ത്രാദ്ധ്യാപകനായിരുന്നു ഡോക്ടർ ഫ്യൂംറോത്. ഈ അസ്ഥികൾക്ക് അറുപതിനായിരം വർഷമെങ്കിലും പഴക്കം കാണണമെന്ന് ഡോ. ഫ്യൂംറോത് കരുതി. ശാസ്ത്രത്തിലെന്നപോലെ ബൈബിളിലും ഫ്യൂംറോത് വിശ്വസിച്ചിരുന്നു. ബൈബിളിലെ പഴയ നിയമത്തിൽ വിവരിച്ചിട്ടുള്ള പ്രളയം നടന്ന കാലത്തു്, നോഹയുടെ പെട്ടകത്തിൽ കയറി രക്ഷപ്പെടാൻ കഴിയാതിരുന്ന ഒരു മനുഷ്യൻേറതായിരിക്കണം ഈ അസ്ഥികൾ. പ്രളയത്തിൽ മുങ്ങിമരിച്ച ഇയാളുടെ ശരീരം തിരകളിൽപ്പെട്ട്, ഉയർന്ന്,